# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 573 — 10.07.2012- ലെ മറുപടിക്ക്

## ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിലേക്കുള്ള കുടിയേറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, എൻ.എ. നെല്ലിക്കുന്ന്<br>,, സി. മമ്മുട്ടി | | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ തിരക്ക് നിയന്ത്രിക്കുന്നതിനും ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിലേക്കുള്ള കുടിയേറ്റം കുറയ്ക്കുന്നതിനും ഉതകുന്ന ദീർഘകാല പദ്ധതി പരിഗണനയിലുണ്ടോ; | (എ) | 2011 - ലെ സെൻസസ് പ്രകാരം കേരളത്തിലെ നഗര ജനസംഖ്യ 47.72 ശതമാനമാണ്. കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ പോലെ ഗ്രാമ - നഗര വ്യത്യാസം വളരെ പ്രകടമല്ല. നഗര-ഗ്രാമ തുടർച്ചയാണ് ഉള്ളത്. ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിലേക്കുള്ള കുടിയേറ്റം കുറയ്ക്കുന്നതിന് ഉതകുന്ന ദീർഘകാല പദ്ധതികൾ സംസ്ഥാന തലത്തിൽ ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | എങ്കിൽ അതിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ഇതുമായി ബന്ധപ്പെട്ട്, ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിലേക്കുള്ള കുടിയേറ്റത്തിന്റെ പ്രധാന കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | അനിയന്ത്രിത കുടിയേറ്റം നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ചെറുകിട വ്യവസായ വാണിജ്യ കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള മാർഗ്ഗ രേഖയിൽ ഗ്രാമങ്ങളിൽ പശ്ചാത്തല വികസന പദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. ചെറുകിട വ്യവസായ വാണിജ്യ കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്.ധനകാര്യ വകുപ്പും കേരള ഫിനാൻഷ്യൽ കോർപ്പറേഷനും ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |

**സെക്ഷൻ ഓഫീസർ.**